"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-എറണാകുളം റൂറൽ ജില്ലാ പോലീസ് യൂണിറ്റിലെ DCRB-യിലെ ഗ്രേഡ് എസ്ഐ(SCPO 9459) ശ്രീ.റെജി ജോസിന് 'Signature' എന്ന ടെലിസിനിമയിൽ അഭിനയിക്കുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1175/2025/HOME തീയതി,തിരുവനന്തപുരം, 04-04-2025

---

പരാമർശം:-

1. ശ്രീ.റെജി ജോസ് 21/02/2025 തീയതിയായി സമർപ്പിച്ച അപേക്ഷ
2. സംസ്ഥാന പോലീസ് മേധാവിയുടെ 07/03/2025 തീയതിയിലെ എൻ2-43417/2025/PHQ നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം റൂറൽ ജില്ലാ പോലീസ് യൂണിറ്റിലെ DCRB-യിലെ ഗ്രേഡ് എസ്ഐ(SCPO 9459) ശ്രീ.റെജി ജോസ് 'Signature' എന്ന ടെലിസിനിമയിൽ അഭിനയിക്കുന്നതിന് അനുമതി നൽകണമെന്നഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് സംസ്ഥാന പോലീസ് മേധാവി പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം റൂറൽ ജില്ലാ പോലീസ് യൂണിറ്റിലെ DCRB-യിലെ ഗ്രേഡ് എസ്ഐ (SCPO 9459) ശ്രീ.റെജി ജോസിന് പവിത്രൻ സംവിധാനം ചെയ്യുന്ന 'Signature' എന്ന ടെലിസിനിമയിൽ 25/05/2025 തീയതിയിൽ അഭിനയിക്കുന്നതിന് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിലെയും, പോലീസ് സേനാ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(എ) പ്രസ്തുത ടെലിസിനിമയിൽ അഭിനയിക്കുന്നതിന് പ്രതിഫലം സ്വീകരിക്കരുത്

(ബി) അഭിനയം ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കരുത്

(സി) സർക്കാരിൽ സമർപ്പിച്ച തിരക്കഥാ ശകലത്തിന്റെ പകർപ്പിൽ മാറ്റം വരുത്തി,പ്രസ്തുത ടെലിസിനിമയിൽ അഭിനയിക്കരുത്.

(ഡി) ടി തിരക്കഥയിൽ സർക്കാരിന് എതിരായതോ,സാമൂഹ്യ വ്യവസ്ഥിതിയ്ക്ക് കോട്ടം വരുത്തുന്നതോ, പോലീസ് സേനയുടെ പ്രതിഛായയ്ക്ക് കളങ്കം വരുത്തുന്നതോ ആയ യാതൊന്നും ഉണ്ടാകരുത്

(ഇ) ടെലിസിനിമയിൽ അഭിനയിക്കുന്നതിന് അവധി എടുക്കുന്ന പക്ഷം അവധി അപേക്ഷ മുൻകൂട്ടി മേലധികാരിക്ക് സമർപ്പിച്ച് അംഗീകാരം നേടിയിരിക്കണം.

(എഫ്) സർക്കാരോ മേലധികാരിയോ ആവശ്യപ്പെടുന്ന മുറയ്ക്ക് ജോലിക്ക് ഹാജരാകണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
ശ്രീ.റെജി ജോസ് (സംസ്ഥാന പോലീസ് മേധാവി മുഖേന)
വിവരപൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sini George
Date: 05-04-2025 10:11:14
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി